കിട്ടാവുന്ന ഒരു അവസരം ഫലപ്രദമായി വിനിയോഗിക്കണമെന്ന് എത്രയോ വർഷങ്ങളായി ഞാൻ ആവശ്യപ്പെടുകയാണ്. പുതിയ വ്യവസായ വകുപ്പുമന്ത്രി അദ്ദേഹം വ്യവസായ വകുപ്പുസെക്രട്ടറി ശ്രീ. സുരജിനെ ഇക്കാര്യം ചുമതലപ്പെടുത്തിയെന്നാണ് അറിയാൻ കഴിഞ്ഞത്. പക്ഷേ ഈ ചുമതല പ്പെടുത്തൽകൊണ്ട് . മാത്രം പോരാ, എല്ലാ കാര്യങ്ങളും ഉടനടി അന്വേഷിച്ച് തൊഴിലാളികൾക്ക് ജോലി കിട്ടാവുന്ന സ്ഥിതിവിശേഷം ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, വൈരക്കൽ വ്യവസായത്തിനായി വ്യാവസായ വകുപ്പിന്റെ അധീനതയിലുള്ള വേളേക്കാട് വ്യവസായ വികസന പ്ലോട്ടിൽ കിൻഫ്രായുടെ ആഭിമുഖ്യത്തിൽ വൈരക്കൽ പാർക്ക് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുക യുണ്ടായി. മുൻ വ്യവസായ വാണിജ്യ ഡയറക്ടർ വേളേക്കാട് മേഖലയിലെ പ്രധാനപ്പെട്ട വൈരക്കൽ വ്യവസായികളെ പ്രത്യേകമായി വിളിച്ച് ചർച്ചചെയ്ത് ക്ലസ്റ്റർ വികസന പദ്ധതിയിൽ തൃശ്ശൂർ ഡയമണ്ട് കമ്പനിയെന്ന പേരിൽ ഒരു ലിമിറ്റഡ് കമ്പനിക്ക് അംഗീകാരവും നൽകുകയുണ്ടായി. കമ്പനി ഷെയർ സ്വരൂപിക്കുകയും ക്ലസ്റ്റർ വികസനത്തിന്റെ ആദ്യഘട്ടമായ വൈരക്കൽ സംഭരണകേന്ദ്രത്തിനായി പേരാമംഗലം ബറോഡ ബാങ്കുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം സംസ്ഥാന സർക്കാരിന്റെ മാർജിൻ മണി വായ്പാ പദ്ധതിയിൽ അപേക്ഷിക്കാനും കേന്ദ്രസർക്കാർ ധനസഹായത്തിന് അഭ്യർത്ഥിക്കാനും മേൽപ്പടി കമ്പനി തീരുമാനിച്ചിട്ടുണ്ട്. അൻപതിൽപ്പരം വൈരക്കൽ വ്യവസായികളാണ് ഈ കമ്പനിയുമായി സഹകരിച്ചിട്ടുള്ളത്. ഈ ക്ലസ്റ്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി എം.എൽ.എ. ഉൾപ്പെടെയുള്ള ജനപ്രതിനിധികളുമായി ചർച്ച നടത്തുകയും ചെയ്തു. കൂടാതെ തൃശ്ശൂർ ജില്ലാ പഞ്ചായത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഡയമണ്ട് ഇൻസ്റ്റിറ്റ്യൂട്ടിനായി ഒരേക്കർ വേളേക്കാട് വ്യവസായ പ്ലോട്ടിൽനിന്ന് ജില്ലാ പഞ്ചായത്തിന് അനുവദിച്ച് ഉത്തരവായിക്കഴിഞ്ഞു, ശ്രീ. ചന്ദ്രമോഹൻ ആവശ്യപ്പെട്ട പോളിഷിംഗിന് വിദഗ്ദ്ധരായ തൊഴിലാളികളെ പരിശീലിപ്പിക്കുന്നതിന് ഒരു ട്രെയിനിംഗ് സെന്റർ തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്. ഭരത്ഭൂഷൺ കമ്മിഷന്റെ റിപ്പോർട്ടും മറ്റ് പല പഠന റിപ്പോർട്ടുകളും കിട്ടിയിട്ടുണ്ട്. ആ പഠന റിപ്പോർട്ടുകളും നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(10) പെരിയാറിലെ പാണിയേലിപോര് വെള്ളച്ചാട്ടം സന്ദർശിക്കുന്നവർ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കാൻ നടപടി

ശ്രീ. സാജുപോൾ: സർ, പർവതനിരയുടെ പനിനീരുമായി ഒഴുകിവരുന്ന പെരിയാർ നദി പ്രകൃതിയുടെ വരദാനമാണെങ്കിലും പെരിയാറിലെ പാണിയേലിപോര് എന്ന വെള്ളച്ചാട്ടത്തിൽ കഴിഞ്ഞ 10 കൊല്ലത്തിനിടയിൽ അറുപതോളം വിലപ്പെട്ട ജീവനുകളാണ് നഷ്ടപ്പെട്ടത്. അവിടെ നാലുപേർ ഒഴിച്ചാൽ മരിച്ച ബാക്കിയെല്ലാപേരും ജില്ലയുടെ പടിഞ്ഞാറൻ മേഖല ക്കാരായിരുന്നു. തോട്ടപ്പാറ റിസർവ്വ് വനത്തിനുള്ളിലെ വ്യാജവാറ്റുകാരുടെ

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രമാണ്. മദ്യപിച്ച് പുഴയിൽ ഇറങ്ങുന്നതാണ് പ്രധാന അപകടകാരണം. അവധി ആഘോഷ ദിവസങ്ങളിൽ സ്ഥിരം പോലീസ് നിരീക്ഷണം വേണം. അല്ലെങ്കിൽ പുറത്തുനിന്നുള്ളവരുടെ സന്ദർശനം കർശനമായി നിരോധിക്കണം. പുഴയിൽ ഇറങ്ങരുത് എന്നുപറഞ്ഞാൽ നാട്ടുകാരെ ആക്രമിക്കുന്ന സ്ഥിതിയാണ്. ഈ സഭയിലെ തന്നെ മറ്റ് ബഹുമാന്യരായ ശ്രീ. വി. ഡി. സതീശൻ, ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ തുടങ്ങി നിരവധി മെമ്പർമാർക്ക് അനുഭവമുള്ള സംഗതിയാണ്. നിരവധി പ്രാവശ്യം ഫോറസ്റ്റ്, എക്സൈസ്, പോലീസ് ഉദ്യോഗസ്ഥൻമാർ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും വേണ്ടത്ര ജാഗ്രതയോടുകൂടിയ നടപടികൾ ഉണ്ടായിട്ടില്ല. അതിനാൽ അടിയന്തിരമായി വ്യാജവാറ്റും അവിടത്തെ അഴിമതിയും മദ്യപാനവും ഒഴിവാക്കുന്നതിനും പോലീസ് ഉദ്യോഗസ്ഥൻമാരുടേയും ഫോറസ്റ്റ്, എക്സൈസ് ഉദ്യോഗസ്ഥൻമാരുടേയും കൂട്ടായ ശ്രമം ഉണ്ടാകണം കളക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥൻമാരുടെ ജാഗ്രതാപൂർണ്ണമായ നടപടികളുണ്ടായി പാണിയേലിപോര് അപകടങ്ങൾ ഒഴിവാക്കുന്നതിനും ആ നദീതീരം സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം വളരെ ശരിയാണ്. വളരെയധികമാളുകൾ ഈ പ്രദേശത്ത് വെള്ളത്തിൽ വീണ് മരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വെള്ളച്ചാട്ടം വനംവകുപ്പിന്റെ അധീനതയിലുള്ള പ്രദേശത്താണ് സ്ഥിതിചെയ്യുന്നത്. ഒഴുക്കലുള്ള പാറക്കെട്ടുകളും താഴ്ച്ചയുള്ള ചുഴികളും അപകടകാരികളാണെങ്കിലും മനോഹരമായ ഈ സ്ഥലം സന്ദർശിക്കാൻ നിരവധി സന്ദർശകർ എത്താറുണ്ട്. അപകടങ്ങളും പതിവായിരിക്കുന്നു. മെമ്പർ ഇവിടെ പറഞ്ഞതുപോലെ മദ്യപിച്ച് അപകടത്തിൽപ്പെടുന്നതാണ് സാധാരണയായിട്ടുള്ളത്. ടൂറിസം വകുപ്പിന് നേരിട്ട് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നതിന് ഫോറസ്റ്റ് ഏരിയ ആയതുകൊണ്ട് ബുദ്ധിമുട്ടാണ്. എന്നാലും ജില്ലാകളക്ടർ, വനം, പോലീസ്, എക്സൈസ് ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥൻമാർ, എം.എൽ.എ.-മാർ മറ്റുള്ള ജനപ്രതിനിധികൾ എന്നിവരെ വിളിച്ചുകൂട്ടി ഇക്കാര്യം ചർച്ചചെയ്ത് ആവശ്യമായ മുന്നറിയിപ്പുകൾ കൊടുക്കാനും പ്രത്യേക ദിവസങ്ങളിൽ പ്രത്യേകമായ സംവിധാനം ഉണ്ടാക്കാനും വേണ്ടി വ്യക്തമായ നിർദ്ദേശം കൊടുക്കുന്നതാണ്.

(11) മന്തുരോഗ പ്രതിരോധ മരുന്നിന്റെ വിതരണം താൽക്കാലികമായി നിർത്തിവയ്ക്കണമെന്ന ആവശ്യം

ശ്രീ. പി. എസ്. സുപാൽ: ഈ മാസം 28-ാം തീയതി കേരളത്തിലെ ജനങ്ങൾക്കുമുഴുവൻ മന്തുരോഗത്തിന് പ്രതിരോധ മരുന്ന് നൽകാനുള്ള തീരുമാനം ജനങ്ങളിൽ ഉളവായിരിക്കുന്ന ആശങ്ക പരിഗണിച്ചുകൊണ്ട് മാറ്റിവയ്ക്കണം. അത് നിർത്തണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. കർണ്ണാടകയിൽ ഈ മരുന്ന് കഴിച്ച് നാലുപേർ മരിച്ചു, ആന്ധ്രയിൽ 8 പേർ

LIBRARY ARCHIVES Kerala Legislative Assembly